




## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# ഗാനലോകവീഥികളിൽ ചുവടുവച്ച് ശ്രേയക്കുട്ടി



**ദൈ**വം കനിഞ്ഞുനല്കിയ സംഗീതവാസനയുടെ ചിറകിലേറി കലാലോകത്തേക്കു പറന്നുയരുകയാണ് ശ്രേയ എന്ന കൊച്ചുപാട്ടുകാരി. ചെറുപ്പത്തിൽത്തന്നെ സംഗീതത്തോടു താത്പര്യം കാണിച്ചു തുടങ്ങിയ ശ്രേയ, യുട്യൂബിൽനിന്നും ടിവിയിൽനിന്നും അവൾക്കിഷ്ടമുള്ള പാട്ടുകൾ കേൾക്കുകയും പഠിക്കുകയും ചെയ്യുമായിരുന്നു. എൽകെജിയിൽ പഠിക്കുമ്പോൾത്തന്നെ ചെറിയ പരിപാടികളിൽ പാടാനുള്ള അവസരങ്ങൾ ശ്രേയയ്ക്കു ലഭിച്ചിരുന്നു. 'ശ്രേയാസ് ഗാനമഞ്ജരി' എന്ന പേരിൽ സ്വന്തമായി ട്രൂപ്പുണ്ടാക്കി സംഘമായും ഒറ്റയ്ക്കും വേദികളിൽ പാട്ടുകൾ അവതരിപ്പിക്കുന്നുണ്ട്. ട്രൂപ്പിനു പേരിട്ടതും നേതൃത്വം കൊടുക്കുന്നതും മറ്റാരുമല്ല, ശ്രേയതന്നെയാണ്.

സംഗീതാധ്യാപകനായ മോഹൻ വള്ളിക്കാടിന്റെ കീഴിൽ സംഗീതവും കീബോർഡും അദ്ദേഹത്തിന്റെ ഭാര്യയായ പുഷ്പറ്റീച്ചറിന്റെ കീഴിൽ നൃത്തവും ശ്രേയ അഭ്യസിച്ചുകൊണ്ടിരിക്കുന്നു. ഗുരുനാഥനോടൊപ്പം വിവാഹം, പിറന്നാൾ, ഹൗസ് വാമിങ്, തിരുനാളുകൾ തുടങ്ങിയ വിവിധ അവസരങ്ങളിൽ ഓർക്കസ്ട്രയോടൊപ്പവും കരോക്കെ ഉപയോഗിച്ചും ശ്രേയ ഗാനങ്ങൾ അവതരിപ്പിച്ചുവരുന്നു. വേദികളിൽ ശ്രേയയുടെകൂടെ സഹോദരൻ ശ്രീരാഗും പങ്കെടുക്കുന്നുണ്ട്. ഇതിനോടകം നാല്പത്തഞ്ചോളം വേദികളിൽ ഒറ്റയ്ക്ക് ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. എൺപതോളം പാട്ടുകൾ ശ്രേയയ്ക്കു ഹൃദിസ്ഥമാണിപ്പോൾ.

അമൃത ചാനലിൽ റെഡ് കാർപെറ്റ് എന്ന പ്രോഗ്രാമിലൂടെ ശ്രേയ ഏറെ ശ്രദ്ധേയയായി. മലയാളത്തിനു പുറമേ, ഹിന്ദി, തമിഴ്, തെലുങ്ക് പാട്ടുകളും ശ്രേയയുടെ കൈയിൽ ഭദ്രം! സ്കൂളിലും ഉപജില്ലാ മത്സരവേദികളിലും ശ്രേയ മുൻനിരയിലെത്തിയിട്ടുണ്ട്.

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, സി. മേരി ബനീഞ്ഞ, പ്രവിത്താനം പി.എം. ദേവസ്യ എന്നിവരുടെ കൃതികളെ അധികരിച്ച് പാലാ ദീപനാളം ഓഡിറ്റോറിയത്തിൽ നടത്തിയ കാവ്യോത്സവത്തിൽ (പദ്യോച്ചാരണമത്സരം) ശ്രേയ മൂന്നാംസ്ഥാനം കരസ്ഥമാക്കി. പ്രായപരിധിയില്ലാതെ നടന്ന മത്സരത്തിൽ അധ്യാപകരുൾപ്പെടെ മുപ്പതിലധികം മത്സരാർഥികളെ പിൻതള്ളിയാണ് ശ്രേയ എന്ന രണ്ടാം ക്ലാസുകാരി മൂന്നാമതെത്തിയത്. സംസ്കൃത-ഭാഷാവൃത്തങ്ങളിൽ എഴുതപ്പെട്ട കാവ്യങ്ങൾ മനപ്പാഠമാക്കി ഉച്ചാരണശുദ്ധിയോടെ പത്തുമിനിറ്റ് സമയംകൊണ്ട് ഭംഗിയായി ചൊല്ലിയവതരിപ്പിച്ചത് സദസ്സിനെയാകെ അദ്ഭുതപ്പെടുത്തി. ചാവറ - എവുപ്രാസിയ ഫെസ്റ്റിലും, മേരി ബനീഞ്ഞ ഓൺലൈൻ കവിതാമത്സരത്തിലും ഈ കൊച്ചുമിടുക്കി സമ്മാനാർഹയായിട്ടുണ്ട്.

കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് എൽ.പി. സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർഥിനിയായ ശ്രേയ കുറവിലങ്ങാട് വാക്കാട് പരുന്തുകുടിമാക്കിൽ പി.കെ. സുരേഷിന്റെയും മഞ്ജു സുരേഷിന്റെയും പുത്രിയാണ്. ഏകസഹോദരൻ ശ്രീരാഗ് പത്താം ക്ലാസ് വിദ്യാർഥിയാണ്.

## DEEPANALAM WINNERS SPACE gk

**സമ്മാനം ആയിരം രൂപ**

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. രാജ്യത്ത് ആദ്യമായി സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ഗ്രാമപ്പഞ്ചായത്ത്?

   ഉത്തരം : .........................

2. മദ്രാസ് ഐ.ഐ.ടി. വികസിപ്പിച്ച മൊബൈൽ ഫോൺ ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ പേര്?

   ഉത്തരം : .........................

3. ഇന്ത്യയും ഈജിപ്തും ചേർന്നുള്ള സൈനിക പരിശീലനത്തിന്റെ പേര്?

   ഉത്തരം : .........................

4. കേന്ദ്ര വനം സഹമന്ത്രി ഈയിടെ ലോക്സഭയിൽ അവതരിപ്പിച്ച കണക്കുപ്രകാരം, രാജ്യത്ത് ഏറ്റവും കൂടുതൽ കടുവകൾ ഉള്ള സംസ്ഥാനം? കേരളത്തിൽ എത്ര കടുവകളുണ്ടെന്നു പറയാമോ?

   ഉത്തരം : ......................... .............................

5. ഇതിനുമുമ്പ് തുർക്കിയിലുണ്ടായ അതിശക്തമായ ഭൂകമ്പം എന്നായിരുന്നു (വർഷം)? അന്ന് എത്രപേർ മരിച്ചുവെന്നാണു കണക്ക്?

   ഉത്തരം : .........................

6. ആഗോളസംഗീതലോകത്തെ പ്രമുഖ അവാർഡുകളിലൊന്നായ ഗ്രാമി പുരസ്കാരചരിത്രത്തിൽ, ഏറ്റവും കൂടുതൽ പുരസ്കാരങ്ങൾ നേടിയ ആദ്യവ്യക്തി?

   ഉത്തരം : .........................

7. പ്രാഥമിക ക്ലാസുകളിലെ പഠനം രസകരമാക്കാൻ എൻ.സി.ഇ.ആർ.ടി. പുതുതായി അവതരിപ്പിച്ച പഠനരീതിയുടെ പേര്?

   ഉത്തരം : .........................

8. സൈബർ കുറ്റകൃത്യങ്ങൾക്കു തടയിടാൻ കേരള പോലീസ് മാർച്ചിൽ തുടക്കമിടുന്ന പദ്ധതി?

   ഉത്തരം : .........................

9. കേരളത്തിൽ മരണാനന്തര അവയവദാനം നടക്കുന്നത് ഏതു പദ്ധതിപ്രകാരമാണ്? ഇതിനായി രജിസ്റ്റർ ചെയ്യേണ്ടത് എവിടെയാണ്?

   ഉത്തരം : .........................

10. ആഗോള ഉത്തരവാദിത്വടൂറിസം ഉച്ചകോടി സംസ്ഥാനത്ത് എവിടെയാണു നടക്കുന്നത്?

    ഉത്തരം : .........................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ്പ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2023 മാർച്ച് 25.

പേര് : .......................................................
മേൽവിലാസം : .......................................................
.......................................................
ഫോൺ നമ്പർ : .......................................................

ഗുണപാഠകഥ

# അർഹിക്കുന്നതേ ലഭിക്കൂ



സെലീന ജെയ്മോൻ
9-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.
അയർക്കുന്നം

കൊട്ടാരത്തിലെ അലക്കുകാരന് മന്ത്രിയെ ഒട്ടും ഇഷ്ടമില്ലായിരുന്നു. ദിവസംമുഴുവൻ പണിയെടുക്കുന്ന തന്നെക്കാൾ വളരെക്കൂടുതൽ ശമ്പളം ഒരു പണിയും ചെയ്യാതെ തെക്കുവടക്കു നടക്കുന്ന മന്ത്രിക്കു കിട്ടുന്നുണ്ടെന്നായിരുന്നു അലക്കുകാരന്റെ പ്രധാന പരാതി.

ഒരു ദിവസം അലക്കുകാരന് രാജാവിനെ മുഖം കാണിക്കാൻ അവസരം ലഭിച്ചു. തന്റെ ജോലിഭാരത്തെക്കുറിച്ചും തുച്ഛമായ ശമ്പളത്തെക്കുറിച്ചും ഒരു ജോലിയും ചെയ്യാതെ നടക്കുന്ന മന്ത്രിക്കു കിട്ടുന്ന ഭാരിച്ച ശമ്പളത്തെക്കുറിച്ചുമെല്ലാം അയാൾ രാജാവിനോടു പരാതി പറഞ്ഞു. രാജാവിനു കാര്യമെല്ലാം മനസ്സിലായി. അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ അലക്കുകാരനെയുംകൂട്ടി കൊട്ടാരത്തിന്റെ മട്ടുപ്പാവിലെത്തി.

താഴെ തെരുവിൽ ഒരു അപരിചിതൻ തന്റെ കുതിരയുടെ അടുത്തുനിൽക്കുന്നത് രാജാവു കണ്ടു. അത് ആരാണെന്നന്വേഷിച്ചുവരാൻ അദ്ദേഹം അലക്കുകാരനോടു പറഞ്ഞു. രാജാവ് തന്നെ ഒരു പുതിയ ദൗത്യം ഏല്പിച്ച സന്തോഷത്തിൽ അയാൾ താഴേക്കോടി. ആ അപരിചിതന്റെ അടുത്തുചെന്ന് പേരു ചോദിച്ചു. ''വിക്രമസിംഹൻ.'' അയാൾ മറുപടി പറഞ്ഞു.

അലക്കുകാരൻ തിരികെ ഓടിവന്ന് രാജാവിനോട് അപരിചിതന്റെ പേരു പറഞ്ഞു. രാജാവ് വീണ്ടും അലക്കുകാരനോടു പറഞ്ഞു: ''അയാൾ എന്തിനാണ് നമ്മുടെ രാജ്യത്തു വന്നതെന്നു ചോദിക്കൂ.''

അലക്കുകാരൻ ഓടിച്ചെന്ന് അപരിചിതനോടു ചോദിച്ചു: ''താങ്കൾ എന്തിനാണ് ഇവിടെ വന്നത്?''

''കച്ചവടം ചെയ്യാൻ.''

അലക്കുകാരൻ തിരികെവന്ന് അയാൾ പറഞ്ഞ കാര്യം രാജാവിനെ അറിയിച്ചു. ഇങ്ങനെ പല പ്രാവശ്യം രാജാവു പറഞ്ഞതനുസരിച്ച് അലക്കുകാരൻ കച്ചവടക്കാരനോട് ഓരോരോ കാര്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അപ്പോഴേക്ക് അലക്കുകാരൻ ഓടിയോടി അവശനായി.

രാജാവ് ഉടൻ മന്ത്രിയെ ആളയച്ചുവരുത്തി. എന്നിട്ട് തെരുവിൽ നിൽക്കുന്നയാളെ ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞു: ''അതാരാണെന്ന് അന്വേഷിച്ചിട്ടുവരൂ.''

മന്ത്രി പുറത്തേക്കു പോയി അയാളോടു സംസാരിച്ചിട്ട് ഉടനെ തിരിച്ചുവന്നു രാജാവിനോടു പറഞ്ഞു: ''പ്രഭോ, അത് വിക്രമസിംഹൻ എന്ന രത്നവ്യാപാരിയാണ്. അയൽരാജ്യമായ ധർമപുരിയിലാണ് അയാൾ താമസിക്കുന്നത്. അദ്ദേഹത്തിന്റെ മകളെ വിവാഹം ചെയ്തിരിക്കുന്നത് നമ്മുടെ രാജ്യത്തെ ഒരു വ്യാപാരിപ്രമുഖന്റെ മകനാണ്. മരുമകനുമായിച്ചേർന്ന് നമ്മുടെ രാജ്യത്ത് ഒരു വ്യാപാരസ്ഥാപനം തുടങ്ങാൻ അദ്ദേഹം ആഗ്രഹിക്കുന്നു. അതിന് അങ്ങയിൽനിന്ന് അനുവാദം വാങ്ങാൻ വന്നതാണ്. മരുമകൻ ഇപ്പോൾ ത്തന്നെ ഇവിടേക്കു വരും. അയാളെ കാത്തുനിൽക്കുകയാണ്.''

എല്ലാം കേട്ടിട്ട് രാജാവ് മന്ത്രിയോടു പൊയ്ക്കൊള്ളാൻ പറഞ്ഞു. അന്തംവിട്ടുനിന്ന അലക്കുകാരനോടു രാജാവു പറഞ്ഞു: ''എന്തുകൊണ്ടാണ് മന്ത്രിക്കു ശമ്പളം കൂടുതൽ കിട്ടുന്നതെന്നു മനസ്സിലായോ? ഓരോരുത്തർക്കും അവരവർ അർഹിക്കുന്നതാണ് ലഭിക്കുക.'' രാജാവ് അലക്കുകാരനെ നോക്കി മനോഹരമായി പുഞ്ചിരിച്ചു.

■





# വരൻ

അവസാനത്തെ ഗ്ലാസിൽ
ചായ പകർന്നപ്പോൾ
പെണ്ണിന്റെ ചങ്കൊന്നിടിച്ചു!
ഒടുവിൽ വന്ന
ഈ സർക്കാർജോലിക്കാരന്റെ
കീശയിലേക്കായിരുന്നു
എല്ലാർക്കും നോട്ടം.

ഊരും പേരുമറിയാത്ത,
ഏതോ ദേശത്തെ
സർക്കാർജോലിക്കാരൻ!

'ഉം' എന്ന ഒറ്റവാക്കിൽ
അവനെല്ലാമൊതുക്കി.
അവളോ,
തികട്ടി വന്ന വാക്കുകളെ
വീട്ടുകാരുടെ ഒരൊറ്റ നോട്ടത്തിൽ
കരിച്ചുകളഞ്ഞു!

പൊന്നും പണവും
തൂക്കിക്കൊടുത്ത്
ഒരു സർക്കാർജോലിക്കാരനു വിറ്റത്രേ !

അവളെ സ്വപ്നം
കാണാൻ പഠിപ്പിച്ച
പ്രിയപ്പെട്ടൊരു മനസ്സ്
ദൂരെയൊരു മറപറ്റി
കണ്ണു തുടച്ച് വിതുമ്പി.

അവളുടെ ചിറകുകൾ
വരണ്ട മണ്ണിൽ
വലിച്ചെറിയപ്പെട്ടു!
ഇരുട്ടിന്റെ നിലവിളികൾ
ഉയർന്നു....



കാവ്യ ഭാസ്കർ
സെന്റ് ജോസഫ്സ്
കോളജ് ഓഫ് ടീച്ചർ
എജ്യുക്കേഷൻ ഫോർ
വിമൻ, എറണാകുളം



# നക്ഷത്രരഹസ്യങ്ങളിലൂടെ ആകാശകല്പന



വിദ്യ വിജയകുമാർ
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ

ലോകജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. എന്നിട്ടും, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽമാത്രം കഴിയാനാണ് ഈയടുത്തകാലംവരെ സ്ത്രീകൾക്കു സാധിച്ചിരുന്നത്. ആധുനികവിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടെ സ്ത്രീകൾക്കു മുൻനിരയിലേക്കു കടന്നുവരാനും ജീവിതത്തിന്റെ നാനാതുറകളിലും പുരോഗതി കൈവരിക്കാനും സാധിച്ചു. ഇന്നു സ്ത്രീകൾ എത്തിപ്പെടാത്ത തൊഴിൽമേഖലകളില്ല. വീടിന്റെ ഉമ്മറത്തുവന്ന് പുരുഷൻമാരോടു സംസാരിക്കാൻപോലുമാവാതിരുന്ന പഴയ കാലത്തുനിന്ന് ബഹിരാകാശയാത്രയ്ക്കുവരെ അവൾക്കു സാധിച്ചത് ഉൾക്കരുത്തിന്റെ തികവുകൊണ്ടുതന്നെയാണ്.

അത്തരത്തിലൊരാളാണ് കല്പന ചൗള. ഇന്ത്യൻ വംശജയായ ഈ പെൺകുട്ടി ബഹിരാകാശസഞ്ചാരം നടത്തി ചരിത്രത്തിലേക്കു നടന്നുകയറി. 1962 മാർച്ച് 17 ന് ഹരിയാനയിലെ കർണാലിൽ ജനിച്ച കല്പന ആകാശവും അതിലെ അതിരില്ലാത്ത അദ്ഭുതങ്ങളുമാണു സ്വപ്നം കണ്ടത്. കർണാലിലെ ടഗോർബാൽ നികേതനിലായിരുന്നു കല്പനയുടെ സ്കൂൾ വിദ്യാഭ്യാസം. 1982 ൽ പഞ്ചാബ് എൻജിനീയറിങ് കോളജിൽനിന്ന് എയറോനോട്ടിക്കൽ എൻജിനീയറിങ്ങിൽ ബിരുദമെടുത്തു. കോളജിൽനിന്ന് ഈ വിഷയത്തിൽ ബിരുദമെടുത്ത ഒരേയൊരു വനിതയായിരുന്നു കല്പന. തുടർന്ന്, അമേരിക്കയിലേക്കു കുടിയേറിയ കല്പന 1988 ൽ കൊളറാഡോ യൂണിവേഴ്സിറ്റിയിൽനിന്ന് എയ്റോസ്പേസ് എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടി.

ആകാശകൗതുകങ്ങളോടുള്ള അദമ്യമായ അഭിനിവേശമായിരുന്നു മറ്റാരും തിരഞ്ഞെടുക്കാത്ത വഴിയിലൂടെ സഞ്ചരിക്കാൻ കല്പനയെ പ്രേരിപ്പിച്ചത്. 1994 ൽ ബഹിരാകാശയാത്രികയ്ക്കുള്ള പരിശീലനം കല്പനയ്ക്കു ലഭിച്ചു. വിദ്യാഭ്യാസപശ്ചാത്തലം, വിമാനം പറത്തുന്നതിലുള്ള വൈദഗ്ധ്യം, അസാധാരണ ശാരീരികക്ഷമത എന്നീ ഘടകങ്ങൾ പരിഗണിച്ച് നാസ 1996 ൽ കല്പനയെയും ബഹിരാകാശയാത്രാസംഘത്തിൽ അംഗമാക്കി. അന്നത്തെ ഒരു കൊളംബിയ ദൗത്യത്തിൽ അവൾ ആദ്യമായി ബഹിരാകാശയാത്ര ചെയ്തു. നാസയുടെ എസ് ടി എസ്-87 എന്ന ബഹിരാകാശദൗത്യത്തിന്റെ ഭാഗമായായിരുന്നു കല്പനയുടെ ആദ്യ ശൂന്യാകാശയാത്ര. കൊളംബിയ എന്ന ബഹിരാകാശവാഹനത്തിൽ 1997 നവംബർ 19 ന് അഞ്ച് സഹഗവേഷകർക്കൊപ്പം അവൾ ചരിത്രത്തിലേക്കു പറന്നുയർന്നു.

ബഹിരാകാശത്തെത്തുന്ന ആദ്യത്തെ ഇന്ത്യൻ വനിത എന്ന ബഹുമതി കല്പനയ്ക്കു സ്വന്തം. ചന്ദ്രനിൽ കാലുകുത്തുന്ന ഒരു ദിവസത്തെക്കുറിച്ചുള്ള സ്വപ്നമായിരുന്നു അവരുടെ ജീവിതംതന്നെ. ആ സ്വപ്നങ്ങളെല്ലാം ബാക്കിവച്ച് അനശ്വരതയിലേക്കു മടങ്ങാനായിരുന്നു അവരുടെ വിധി.

ഒടുവിൽ, 2003 ജനുവരി 16 ന് കല്പന രണ്ടാം തവണയും ബഹിരാകാശത്തേക്കു പറന്നുയർന്നു. ആറു പേർക്കൊപ്പമായിരുന്നു കല്പനയുടെ രണ്ടാമത്തെ ബഹിരാകാശയാത്ര. ബഹിരാകാശത്തിൽ അനുഭവപ്പെടുന്ന ഭാരമില്ലായ്മയെപ്പറ്റിയുള്ള ഗവേഷണമായിരുന്നു അവരുടെ ദൗത്യം. ബഹിരാകാശസഞ്ചാരികളുടെ സുരക്ഷയ്ക്കുവേണ്ടിയായിരുന്നു നാസ ഈ പഠനം നടത്തിയത്. എന്നാൽ, വിധിവൈപരീത്യമെന്നു പറയട്ടെ, സുപ്രധാനമായ ഈ ഗവേഷണത്തിൽ പങ്കാളികളായ ആകാശചാരികൾക്ക് പിന്നീടൊരിക്കലും ബഹിരാകാശയാത്ര നടത്താനായില്ല.


പതിനേഴു ദിവസത്തെ ഗവേഷണങ്ങൾക്കുശേഷം 2003 ഫെബ്രുവരി ഒന്നിന് ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ തിരിച്ചിറങ്ങാൻ മിനിറ്റുകൾ ബാക്കിയുള്ളപ്പോൾ കൊളംബിയ ചിന്നിച്ചിതറി. കല്പനയടക്കം ഏഴു ബഹിരാകാശസഞ്ചാരികളും ദുരന്തത്തിൽ മരണമടഞ്ഞു. അസാധാരണയായ ബഹിരാകാശസഞ്ചാരി എന്നു വിശേഷിപ്പിച്ച് നാസ ധീരയായ ആ ഭാരതപുത്രിയെ ആദരിച്ചു.

■

# പോരാട്ടവഴികളിലെ സ്ത്രീമുന്നേറ്റങ്ങൾ



**അഷ്ന ബീഗം എ.**
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല, തിരൂർ.



ദേശത്തിന്റെ അതിരുകൾക്കപ്പുറത്ത്, ലോകമെമ്പാടുമുള്ള വനിതകൾക്കായി ഒരു ദിനംകൂടി. എല്ലാ വർഷവും മാർച്ച് എട്ടിനാണ് അന്താരാഷ്ട്ര വനിതാദിനം ആചരിക്കുന്നത്. സ്വന്തം ജോലിസ്ഥലത്തെ സൗകര്യങ്ങളും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്താനായി സ്ത്രീകൾ നടത്തിയ മുന്നേറ്റത്തിന്റെ പിൻബലവും വ്യവസായകുത്തകകളുടെ ആധിപത്യത്തിനു മേൽ വിയർപ്പും ശക്തിയുംകൊണ്ട് സ്ത്രീകൾ വരിച്ച വിജയത്തിന്റെ കഥയും തുടങ്ങി നൂറുകണക്കിനു കാര്യങ്ങളാണ് ഇതിനു പിന്നിലുള്ളത്.

ഇന്ത്യയിലുൾപ്പെടെ സ്ത്രീകൾക്കു നേരേ അരങ്ങേറുന്ന കുറ്റകൃത്യങ്ങളിൽ ലോകം നടുങ്ങിനിൽക്കുമ്പോഴാണ് വനിതാദിനം കടന്നുവരുന്നത്. വിദ്യാഭ്യാസനിലവാരത്തിലും സാമ്പത്തികസുരക്ഷിതത്വത്തിലും സ്ത്രീകൾ ഒരുപാട് മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും ഇവർ സ്വന്തം വീട്ടകങ്ങളിൽപ്പോലും പൂർണസുരക്ഷിതരല്ല എന്ന വസ്തുത ഞെട്ടിക്കുന്നതാണ്. ശാരീരികവും മാനസികവും സാമ്പത്തികവുമായ നിരവധി ചൂഷണങ്ങൾക്ക് സ്ത്രീകൾ വിധേയരാകുന്നു.

1857 മാർച്ച് 8 ന്, ന്യൂയോർക്കിലെ തുണിമില്ലുകളിൽ ജോലിചെയ്തിരുന്ന ആയിരക്കണക്കിനു സ്ത്രീകൾ സംഘടിച്ചു നടത്തിയ സമരവും പ്രക്ഷോഭവുമാണ് വനിതാദിനത്തിനു തുടക്കമായത്. കുറഞ്ഞ വേതനത്തിനെതിരേയും മുതലാളിവർഗത്തിന്റെ ചൂഷണത്തിനെതിരേയും പന്ത്രണ്ടു മണിക്കൂറിലധികമുള്ള ജോലി ഒഴിവാക്കാനും വോട്ടുചെയ്യാനുള്ള അവകാശത്തിനുവേണ്ടിയും അവർ സ്വരമുയർത്തി. അതു ചരിത്രത്തിന്റെ ഭാഗമാവുകയും ചെയ്തു. വനിതകൾക്കുവേണ്ടി ഒരു ദിനമെന്ന ആശയം കടന്നുവന്നപ്പോൾ മാർച്ച് എട്ട് ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെടാനും കാരണം ഇതുതന്നെയാണ്.

1910 ൽ, കോപ്പൻഹേഗനിൽ നടന്ന രണ്ടാം സോഷ്യലിസ്റ്റ് ഇന്റർനാഷണലിന്റെ സമ്മേളനത്തിൽ വനിതാദിനം സാർവദേശീയമായി ആചരിക്കണമെന്ന ആവശ്യമുയർന്നു. ജർമനിയിലെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ വനിതാവിഭാഗം അധ്യക്ഷയും പിൽക്കാലത്ത് കമ്മ്യൂണിസ്റ്റുനേതാവുമായ ക്ലാര സെട്കിനാണ് ഇതിനു മുൻകൈയെടുത്തത്. അന്ന് 17 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ പങ്കുവയ്ക്കപ്പെട്ട ഈ ആശയത്തിന് അപ്പോൾത്തന്നെ അംഗീകാരവും ലഭിച്ചു. തൊട്ടടുത്ത വർഷം, 1911 മാർച്ച് എട്ടിന്, അന്താരാഷ്ട്രതലത്തിൽ ഈ ദിനം പല രാജ്യങ്ങളിലും ആചരിച്ചു.

1917 മാർച്ച് എട്ടിന് റഷ്യയിൽ നടത്തിയ വനിതാദിനപ്രകടനം, റഷ്യൻവിപ്ലവത്തിന്റെ ഒന്നാം ഘട്ടമായി കണക്കാക്കപ്പെടുന്നു. റഷ്യയിൽ മാർച്ച് 8 ഇന്നും വിപുലമായി ആചരിക്കുന്നു, അവിടെ അത് പൊതു അവധിദിവസവുമാണ്. 1975 ലാണ് ഐക്യരാഷ്ട്രസഭ മാർച്ച് എട്ട് അന്താരാഷ്ട്രവനിതാദിനമായി പ്രഖ്യാപിച്ചത്.



**അവന്തിക അഭിജിത്ത്**
9-ാം ക്ലാസ്
ലിറ്റിൽ ഫ്ളവർ
ഹൈസ്കൂൾ
ചെമ്മലമറ്റം

# മുറ്റത്തെ മുല്ല

വള്ളിമുല്ല പൂത്തുനില്ക്കുന്നു
വെണ്മയോടിന്നെന്റെ മുറ്റത്ത്
എൻ മനസ്സിൽ നൃത്തമാടുന്നു
പുഞ്ചിരിക്കുന്ന കുഞ്ഞുപൂവുകൾ

കൊച്ചുകാറ്റു തലോടുന്നെന്നെയീ-
പൂത്ത മുല്ലതൻ സുഗന്ധം പകരുവാൻ.
വർണചിത്രങ്ങൾ തീർക്കുന്ന മേലാട
ചാർത്തിയെത്തുന്ന ശലഭങ്ങളെത്രയോ!

സൗഹൃദത്തിന്റെ പട്ടുനൂലിനാൽ
കോർത്തെടുക്കുന്ന മുല്ലമാല നിൻ
കാർകുഴൽച്ചുരുൾ തന്നിലണിയുവാൻ
കാത്തിരിക്കുന്നു ഞാൻ എന്റെയീ വാടിയിൽ

കഥ

# മരംവെട്ടുകാരനും കുരങ്ങനും



**കൃഷ്ണനന്ദ എം. കൈമൾ**
4-ാം ക്ലാസ്
ക്ലീമിസ് സ്കൂൾ
ആൻഡ് ജൂനിയർ
കോളജ്, ചിങ്ങവനം

വണ്ടുപണ്ട് ഒരു കൊച്ചുഗ്രാമത്തിൽ ഒരു മരംവെട്ടുകാരനും അയാളുടെ കുടുംബവും താമസിച്ചിരുന്നു. മരംവെട്ടുകാരൻ എല്ലാ ദിവസവും രാവിലെ എഴുന്നേറ്റ് കാട്ടിൽ മരം വെട്ടാൻ പോകും. അങ്ങനെയിരിക്കേ ഒരുദിവസം അയാൾ അയൽഗ്രാമത്തിന്റെ അതിർത്തിയിലുള്ള ഒരു കാട്ടിൽ മരം വെട്ടാൻ പോയി. മരം വെട്ടിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു ശബ്ദംകേട്ട് അയാൾ ഞെട്ടി. അത് ഏതോ മൃഗത്തിന്റെ ശബ്ദമാണെന്നു വിചാരിച്ച് അയാൾ തന്റെ കത്തിയുമായി ചുറ്റും നോക്കി. അപ്പോളാണ് ഒരു കുട്ടിക്കുരങ്ങൻ അയാളുടെ മുന്നിലേക്കു ചാടിവീണത്. ആ കുരങ്ങൻ ഒരു വികൃതിയായിരുന്നു. കാട്ടിലൂടെ പോകുന്നവരെ ഉപദ്രവിക്കുകയും പേടിപ്പിച്ച് ഓടിക്കുകയും ചെയ്യുമായിരുന്നു. കുരങ്ങൻ മരംവെട്ടുകാരനെ കണ്ടയുടനെ പതിവുപോലെ അയാൾക്കു നേരേയും ഓടിച്ചെന്നു, പേടിച്ചുപോയ അയാൾ തന്റെ കത്തികൊണ്ട് അതിന്റെ നേരേ വീശി ഓടിച്ചു. മഹാവികൃതിയായ കുരങ്ങൻ വീണ്ടും മരംവെട്ടുകാരനെ ഉപദ്രവിക്കാൻ ചെന്നു. വീണ്ടും വീണ്ടും ആക്രമിക്കാൻ കുരങ്ങൻ വന്നപ്പോൾ ശല്യം സഹിക്കാതെ മരംവെട്ടുകാരൻ ഇവനെ ഒരുപാഠം പഠിപ്പിക്കണമെന്നു വിചാരിച്ചു. എന്നിട്ടും നല്ലവനായ ആ മരംവെട്ടുകാരന് അവനെ ഉപദ്രവിക്കാൻ ഉദ്ദേശ്യമില്ലായിരുന്നു.

അയാൾ അടുത്തുള്ള കാട്ടുവള്ളികൾ ചേർത്ത് ഒരു കുടുക്കുണ്ടാക്കി അതിൽ കുരങ്ങനെ കുടുക്കി. എന്നിട്ട് തൊട്ടടുത്തുള്ള ഒരു വലിയ മരത്തിൽ കെട്ടിയിട്ടു. എന്നിട്ട് അയാൾ തന്റെ ജോലിയിൽ മുഴുകി. വെയിൽ മങ്ങിയപ്പോൾ അയാൾ തന്റെ ജോലി തീർത്തു വീട്ടിൽ പോകാൻ തുടങ്ങുന്ന സമയത്താണ് അയാൾ കുരങ്ങനെപ്പറ്റി ഓർത്തത്. ഈ സമയം കുരങ്ങൻ തന്റെ വികൃതികൾ ഓരോന്നും ഓർത്ത് ഒത്തിരിയൊത്തിരി സങ്കടപ്പെട്ടു. അപ്പോഴേക്കും അവശനായ കുരങ്ങന്റെ അടുത്ത് തിരിച്ചെത്തിയ മരംവെട്ടുകാരൻ അവനോടു ചോദിച്ചു: ''എന്താ, ഇനിയും കാണിക്കണോ കുസൃതി? നിനക്കു മനസ്സിലായോ നിന്റെ തെറ്റുകൾ?''അവൻ മരംവെട്ടുകാരനെ ദയനീയമായി നോക്കി ഒച്ചവച്ചുകൊണ്ട് പറഞ്ഞു: ''ഞാൻ ഇനി ആരെയും ഉപദ്രവിക്കില്ല, എന്നെ ദയവായി അഴിച്ചുവിടൂ.'' ഈ സമയംകൊണ്ട് വിശപ്പും ദാഹവും അച്ഛനെയും അമ്മയെയും കാണാത്ത സങ്കടവുംമൂലം അവൻ ആകെ അവശനായിരുന്നു. മരവെട്ടുകാരൻ തന്റെ ഭാണ്ഡത്തിൽനിന്ന് ഒരു പഴം എടുത്തുകൊടുക്കുകയും അവനെ അഴിച്ചുവിടുകയും ചെയ്തു. സന്തോഷത്തോടെ അവൻ തൊട്ടടുത്ത ചക്കരമാവിൽനിന്ന് ഒരുകുല മാമ്പഴം മരംവെട്ടുകാരനു പറിച്ചുകൊടുത്ത് അയാളോട് നന്ദിയും പറഞ്ഞ് കാട്ടിനുള്ളിലേക്ക് ചാടിച്ചാടി പോയി.

കൂട്ടുകാരേ, ഇതിൽനിന്ന് നിങ്ങൾക്ക് എന്താണു മനസ്സിലായത്? ആരെയും ഒരു കാരണവും ഇല്ലാതെ ഉപദ്രവിക്കരുത്. ഉപദ്രവിച്ചാൽ അതിനുള്ള തക്കശിക്ഷ നമുക്കു ലഭിക്കും.

■

# അറിയാത്ത യാത്രക്കാർ



ഭാവന ആർ.
എം.എ. സാഹിത്യപഠനം
മലയാളം സർവകലാശാല, തിരൂർ



**ബാം**ഗ്ലൂരിൽനിന്നു നാട്ടിലേക്കുള്ള ബസ് പുറപ്പെട്ടു പത്തുമിനിറ്റു കഴിഞ്ഞതേയുള്ളൂ. ബസ് ജീവനക്കാരൻ വന്ന് എന്റെ തൊട്ടുമുന്നിലുള്ള സീറ്റിലെ ആളോടു ചോദിച്ചു, ഇവിടെ ഒരാളെക്കൂടി ഇരുത്താൻ പറ്റുമോ എന്ന്. ഇയാളെന്തിനാണ് ഒരു യാത്രക്കാരനു സീറ്റുകൊടുക്കാൻ മറ്റൊരു യാത്രക്കാരനോടു ചോദിക്കുന്നതെന്നു ഞാൻ വിചാരിച്ചു. സൈഡ് സീറ്റ് കിട്ടാൻവേണ്ടിയായിരിക്കുമെന്നു ഞാൻ കരുതി.

ബസ്സിൽ യാത്രചെയ്യുന്ന ഒരാൾക്ക് തന്റെ സീറ്റിൽ ഇരിക്കുന്നയാൾക്കൊപ്പം യാത്ര ചെയ്യാൻ ബുദ്ധിമുട്ടായതുകൊണ്ടാണ് സീറ്റ് ചോദിക്കുന്നതെന്നു പിന്നീടാണു മനസ്സിലായത്.

ഏതായാലും, എന്റെ സീറ്റിന്റെ മുന്നിൽ ഇരിക്കുന്ന ആള് സമ്മതംകൊടുത്തു. പക്ഷേ, മുഷിഞ്ഞ ഒരു ബാഗും പണിസ്ഥലത്തുനിന്നു മാറാതെവരുന്ന മണമുള്ള ഒരു ഷർട്ടുമിട്ട് ഒരു ചെറുപ്പക്കാരൻ സീറ്റിലേക്കിരിക്കാൻ മുതിരുമ്പോൾത്തന്നെ മുമ്പ് സമ്മതം കൊടുത്തയാൾ വിസമ്മതിച്ചു.

ഇതെല്ലാം കണ്ട് പിന്നിലെ സീറ്റിലിരുന്ന ഞാൻ അയാൾക്ക് എന്റെ സീറ്റിലിരിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തു. സാവധാനം അദ്ദേഹത്തിന്റെ പോരായ്മകൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കാം എന്നുകരുതി പേരും നാടുമെല്ലാം ചോദിച്ചറിഞ്ഞു.

യാത്ര ചെയ്യുമ്പോൾ കൂടെയിരിക്കുന്നവർക്കു ബുദ്ധിമുട്ട് വരുത്താത്ത രീതിയിൽ വൃത്തിയിൽ വരണമെന്ന് ഞാൻ പറയുന്നതിനുമുന്നേ അയാൾ പറഞ്ഞു: "നാട്ടിൽനിന്ന് ഫോൺ വന്നു, പെട്ടെന്ന് നാട്ടിലെത്തണമെന്ന്. ഫോൺ വരുമ്പോൾ ഞാൻ ജോലിസ്ഥലത്തായിരുന്നു. കുളിച്ചൊരുങ്ങി വരുകയാണെങ്കിൽ ബസ് പുറപ്പെടുമെന്നറിയാവുന്നതുകൊണ്ട് പണിസ്ഥലത്തുനിന്ന് ധൃതിയിൽ വന്നതാണ്. കാര്യമായി എന്തോ പ്രശ്നമുണ്ട്, അല്ലാതെ പെട്ടെന്നു വരാൻ പറയില്ല." അയാളുടെ കണ്ണുകൾ നിറഞ്ഞു.


ജോലിക്ഷീണംകൊണ്ടായിരിക്കാം, അയാൾ നല്ല ഉറക്കത്തിൽ എന്റെ ചുമലിലേക്കു ചാഞ്ഞു. സാവധാനം ഞാനും മയക്കത്തിലേക്കു വഴുതിവീണു. പുലർച്ചെ രണ്ടുമണിയോടെ ഒരു ഹോട്ടലിന്റെ മുന്നിൽ ചായ കുടിക്കാൻവേണ്ടി ബസ് നിർത്തി. അയാൾ പുറത്തേക്കിറങ്ങിയില്ല. ഞാൻ പുറത്തിറങ്ങി ഒരു ചായ കുടിച്ചു. അയാൾക്കും ഒരു ചായ വാങ്ങിക്കൊടുത്തു. കോഴിക്കോടാണ് അയാൾ ഇറങ്ങിയത്. ഇറങ്ങാൻനേരം അയാൾ എന്റെ ഫോൺനമ്പർ വാങ്ങി.

കുറച്ചു ദിവസത്തിനുശേഷം എനിക്ക് ഒരു ഫോൺ കോൾ വന്നു. അയാൾ സ്വയം പരിചയപ്പെടുത്തി. തിരിച്ചു പോകുമ്പോൾ തന്റെ ജോലിസ്ഥലത്തു വരണമെന്ന് അയാൾ നിർബന്ധിച്ചു.

ആളെ കണ്ട ഞാൻ അതിശയിച്ചുപോയി. അത്യാവശ്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഹോട്ടൽ, ബേക്കറി, ഫാൻസി ഷോപ്പ് എല്ലാം അയാളുടെ ബിസിനസ് ശൃംഖലയിലുണ്ട്. അന്ന് യാത്രയിൽ കണ്ട ആളിൽനിന്ന് ഒരുപാട് വ്യത്യാസം.

"ഭാര്യയ്ക്കു പെട്ടെന്ന് സുഖമില്ലെന്നറിഞ്ഞതുകൊണ്ട് പേടിച്ചായിരുന്നു ഞാൻ നാട്ടിലേക്കു പുറപ്പെട്ടത്. ബേക്കറിയിൽ ഒരാളുടെ കുറവുള്ളതുകൊണ്ടും വലിയ ഒരു ഓർഡർ ഉള്ളതുകൊണ്ടും അന്നു ഞാൻ ജോലിയിലായിരുന്നു. നാട്ടിൽനിന്നു ഫോൺ വന്നപ്പോൾ പിന്നെ ഒന്നും ആലോചിച്ചില്ല."

ഇതുപോലെ പലരും നമ്മുടെ ചുറ്റുപാടിൽ ഉണ്ടാകും. മുഷിഞ്ഞ വസ്ത്രം ധരിച്ചവരും ചില കാര്യങ്ങൾക്ക് പെട്ടെന്നു ചൂടാക്കുന്നവരൊക്കെ ചില സാഹചര്യങ്ങളിൽ അല്ലെങ്കിൽ ചില നിമിഷങ്ങളിൽ അങ്ങനെയൊക്കെ ആയിപ്പോകുന്നവർ ആയിരിക്കും. ചേർത്തുപിടിക്കാനും അവരെ മനസ്സിലാക്കാനും ശരിക്കും നമ്മളാരും ശ്രമിക്കാറില്ല. അതുകൊണ്ടുതന്നെ, പലരും തെറ്റിൽനിന്നു തെറ്റിലേക്കു വീണുപോകുന്നു. ■





അനുഗ്രഹ പ്രസാദ്
4–ാം ക്ലാസ്
സെന്റ് ജോസഫ്സ്
എൽ.പി.എസ്.
വേഴങ്ങാനം

# സ്നേഹം


ഒരു മരപ്പൊത്തിൽ ഒരു തത്തമ്മയും കുടുംബവും താമസിച്ചിരുന്നു. അവർ വലിയ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത്. തത്തമ്മയിട്ട മുട്ടയെല്ലാം വിരിഞ്ഞ് നല്ല സുന്ദരിക്കുഞ്ഞുങ്ങൾ പുറത്തുവന്നു. പക്ഷേ, അതിൽ ഒരു കുഞ്ഞിന് പറക്കാൻ ചിറകില്ലായിരുന്നു എങ്കിലും, അച്ഛനും അമ്മയും മാറിമാറി ഭക്ഷണം കൊടുത്തുവളർത്തി.

പെട്ടെന്ന് ഒരു ദിവസം കാട്ടുതീ പടർന്നു, മൃഗങ്ങളെല്ലാം നാലുപാടുമോടി. അച്ഛൻതത്ത ചിറകടിച്ചു ചിലച്ചു, എല്ലാരും പറന്നു രക്ഷപ്പെട്ടോളൂ. 'പറക്കാൻപോലും വയ്യാത്ത ഈ കുഞ്ഞിനെ വിട്ടിട്ട് ഞാനെങ്ങോട്ടും പോവില്ല ചേട്ടാ,' അമ്മത്തത്ത പറഞ്ഞു. അച്ഛനും അമ്മയും തങ്ങളുടെ ചിറകുവിരിച്ച് കുഞ്ഞിത്തത്തയെ പൊതിഞ്ഞിരുന്നു. ആ ചിറകിനടയിലിരുന്ന് കുഞ്ഞിത്തത്ത അറിയാതെ പ്രാർഥിച്ചു.

കാരുണ്യവാനായ ദൈവമേ, ഈ അച്ഛന്റെയും അമ്മയുടെയും സ്നേഹമോർത്തെങ്കിലും ഈ തീയൊന്ന് അണച്ചുതരണമേ.

അദ്ഭുതമെന്നു പറയട്ടെ; കാറ്റുവീശി, കൊടുംമഴ പെയ്തു. തീയണഞ്ഞു. മൃഗങ്ങൾക്കെല്ലാം സന്തോഷമായി.

ഈ കഥയുടെ ഗുണപാഠം: നൊന്തുള്ള പ്രാർഥനയ്ക്ക് ഉത്തരം ഉടൻ.



# നിറയുന്ന കണ്ണുകളോടെ



ആൽബിൻ കൊട്ടാരം
സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ
മൈലക്കൊമ്പ്



**ഞാ**നും മകനും ഇന്ന് വളരെ ആവേശത്തിലാണ്. ഇന്നാണ് അവന്റെ സ്കൂൾ വാർഷികം. ഓണപ്പരീക്ഷയ്ക്കും ക്രിസ്മസ് പരീക്ഷയ്ക്കും മുഴുവൻ മാർക്കും ഉള്ളതുകൊണ്ട് സ്റ്റേജിൽ കേറി സമ്മാനം വാങ്ങണം.

കുളിച്ചൊരുങ്ങി തിടുക്കത്തിൽ പുറപ്പെട്ടു. കുറച്ചുദൂരം നടന്നുവേണം ബസ്സ്റ്റോപ്പിലെത്താൻ. ഓടിച്ചെന്നപ്പോഴേക്കും ബസ് പോയി. സമ്മാനദാനത്തിനുമുമ്പ് ചെല്ലണം. ഒരു ഓട്ടോ വിളിച്ചു. പേഴ്സിൽ ആകെയുള്ള നൂറുരൂപയിൽ അറുപതു രൂപ ചെലവായി. ഒരു നല്ല കാര്യത്തിനല്ലേ എന്നോർക്കുമ്പോൾ സന്തോഷം.

അല്ലെങ്കിലും എനിക്ക് അവനാണു സന്തോഷം. അച്ഛനില്ലാത്ത കുട്ടി നല്ലവനായി വളരണമെന്ന് ലാൽ ബഹദൂർ ശാസ്ത്രിയുടെ ചിത്രകഥയിൽനിന്ന് മോൻ ഒരിക്കൽ ഉറക്കെ വായിക്കുന്നതു കേട്ടപ്പോൾ എനിക്കും അറിയാതെ കണ്ണു നിറഞ്ഞുപോയി. അവൻ നല്ല കുട്ടിയാണ്. മിടുക്കനാണ്. അവനെ നന്നായി പഠിപ്പിക്കണം.

സ്കൂളിൽ എത്തിയപ്പോഴേക്കും ഉദ്ഘാടനം കഴിഞ്ഞിരുന്നു. കുട്ടികളെല്ലാം മാതാപിതാക്കളോടൊപ്പം നേരത്തേതന്നെ എത്തിയിട്ടുണ്ട്.

ഇന്ന് ഒരു ഫുൾ ഡേ ലീവ് ചോദിച്ചിട്ട് മുതലാളി തന്നില്ല. സാരമില്ല, ഉച്ചകഴിഞ്ഞെങ്കിലും അവധി കിട്ടിയല്ലോ.

സമ്മാനദാനം തുടങ്ങി. രണ്ട് ബി വിളിക്കുമ്പോൾ ഫോട്ടോ എടുക്കാൻ അടുത്തുനിന്ന ഒരു പയ്യനെ എല്പിച്ചു.

ഒന്ന് സി. മാത്യു കുര്യൻ
രണ്ട് എ. ജ്യുവൽ ജോർജ്
രണ്ട് ബി. സ്റ്റീവ് ബിനോയ്

എന്റെ പേര് മറന്നുപോയെന്നു തോന്നുന്നു അമ്മേ... ലാസ്റ്റ് വിളിക്കുവായിരിക്കും അല്ലേ..

ഞാൻ അവനെ ചേർത്തുപിടിച്ചു. ■

DEEPANALAM gk WINNERS SPACE

## കഴിഞ്ഞ ലക്കം ക്വിസ്
## (പ്രതിഭ 2023 ഫെബ്രുവരി 2) ശരിയുത്തരങ്ങൾ

1) 2720, ബ്രസീൽ
2) ഇ - സഞ്ജീവനി
3) സിക്കിമിലെ ഇന്ത്യ-ചൈന അതിർത്തിയിൽ. 16,000 അടി ഉയരത്തിൽ
4) നേതാജി സുഭാഷ് ചന്ദ്രബോസ്
5) പതാകകൾ
6) കർണാടകയിലെ ഹൂഗ്ലി
7) പത്മവീരചക്രജേതാക്കളായ ധീരസൈനികർ
8) അമേരിക്കക്കാരി മരിയ ബ്രന്യസ് മൊറേറ (115 വയസ്സ്)
9) ആദിത്യ സുരേഷ് (കൊല്ലം)
10) കോലഞ്ചേരി

◆ ശരിയുത്തരങ്ങൾ ആരും അയച്ചിട്ടില്ല